# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം **നമ്പർ : 6035** **04.11.2016** ൽ മറുപടിയ്ക്ക്

## <u>ഭൂരഹിതരില്ലാത്ത കേരളം പദ്ധതി</u>

| **ചോദ്യം**<br>**ശ്രീ.സി. ദിവാകരൻ** | **മറുപടി**<br>**ശ്രീ.ഇ. ചന്ദ്രശേഖരൻ**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
|---|---|
| ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പരിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ? | ഭൂരഹിതരായ പാവപ്പെട്ട കുടുംബങ്ങൾക്ക് വീട് വയ്ക്കുന്ന ആവശ്യത്തിലേയ്ക്കായി 3 സെന്റ് ഭൂമി വീതം പതിച്ച് കൊടുക്കുന്ന പദ്ധതിയാണ് 'ഭൂരഹിതരില്ലാത്ത കേരളം പദ്ധതി'. ഇതനുസരിച്ച് 58,398 കുടുംബങ്ങൾക്ക് പദ്ധതിയുടെ ആനുകൂല്യം നൽകിയെങ്കിലും അവർക്ക് പൂർണ്ണമായും വീട് വയ്ക്കാൻ അനുയോജ്യമായ ഭൂമി ലഭിച്ചില്ലായെന്ന ആക്ഷേപം നിലനിൽക്കുകയാണ്. അതിനാൽ നിലവിലുള്ള ആക്ഷേപങ്ങൾ പരിഹരിക്കുന്നതിനോടൊപ്പം തന്നെ സമൂഹത്തിൽ പിന്നോക്കം നിൽക്കുന്ന ഭൂരഹിതരായ പാവപ്പെട്ട കുടുംബങ്ങൾക്ക് വീട് വയ്ക്കാൻ അനുയോജ്യമായ ഭൂമി ആക്ഷേപരഹിതമായ രീതിയിൽ നൽകുന്ന തരത്തിൽ പദ്ധതിയിലെ നടപടിക്രമങ്ങൾ പരിഷ്കരിക്കുന്ന കാര്യം പരിശോധിച്ച് വരുന്നു. വിശദമായ അന്വേഷണം നടത്തി തികച്ചും അർഹരായ പാവപ്പെട്ട കുടുംബങ്ങളെ മാത്രം തെരഞ്ഞെടുത്ത് വാസയോഗ്യമായതും വഴി സൗകര്യമുള്ളതുമായ ഭൂമി കഴിയുന്നതും സ്വന്തം വില്ലേജിൽ തന്നെ നൽകാനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ